**15 –ാം കേരള നിയമസഭ**

**11 –ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 425** | **11-06-2024 - ൽ മറുപടിയ്ക്ക്**

## ആഭ്യന്തര ഉല്പാദനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മൊത്തം ആഭ്യന്തര ഉല്പാദനത്തിൽ കഴിഞ്ഞ പത്തുവർഷം കൊണ്ട് ഉണ്ടായിട്ടുള്ള വർദ്ധനവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ തനതു വിലയിലും സ്ഥിര വിലയിലും കഴിഞ്ഞ പത്തുവർഷം കൊണ്ട് ഉണ്ടായിട്ടുള്ള വർദ്ധനവിന്റെ വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു. |

| **സാമ്പത്തിക വർഷം** | **സംസ്ഥാന മൊത്ത ആഭ്യന്തര ഉത്പാദനം തനതു വിലയിൽ (Current Price) *** | | **സംസ്ഥാന മൊത്ത ആഭ്യന്തര ഉത്പാദനം സ്ഥിര വിലയിൽ (Constant Price) *** | |
|---|---|---|---|---|
| | തുക കോടിയിൽ | വളർച്ച ശതമാനം | തുക കോടിയിൽ | വളർച്ച ശതമാനം |
| 2012-13 | 412313.00 | 13.26% | 387693.46 | 6.50% |
| 2013-14 | 465041.21 | 12.79% | 402781.33 | 3.89% |
| 2014-15 | 512564.05 | 10.22% | 419955.55 | 4.26% |
| 2015-16 | 561993.61 | 9.64% | 451210.02 | 7.44% |
| 2016-17 | 634886.40 | 12.97% | 485301.54 | 7.56% |
| 2017-18 | 701588.26 | 10.51% | 516189.76 | 6.36% |
| 2018-19 | 788285.58 | 12.36% | 554228.31 | 7.37% |
| 2019-20 | 812934.63 | 3.13% | 559194.18 | 0.90% |
| 2020-21 | 771723.89 | -5.07% | 511702.92 | -8.49% |
| 2021-22 (പ്രൊവിഷണൽ) | 934541.75 | 21.10% | 578057.27 | 12.97% |
| 2022-23 (ക്വിക്ക്) | 1046188.14 | 11.95% | 616188.50 | 6.60% |
| 2023-24 (അഡ്വാൻസ്) | 1174244.19 | 12.24% | 658818.92 | 6.92% |
| *സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് ലഭ്യമാക്കിയിട്ടുള്ള കണക്കുകൾ പ്രകാരം | | | | |

| | | | |
|---|---|---|---|
| (ബി) | കേരള ധന സംബന്ധമായ ഉത്തരവാദിത്ത ആക്ട് അനുശാസിക്കുന്ന പ്രകാരം മൊത്തം ആഭ്യന്തര ഉല്പാദനത്തിനാനുപാതികമായി കടമെടുക്കുന്നതിന് സംസ്ഥാനത്തിന് കഴിയുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | കേരള ധന ഉത്തരവാദിത്ത ആക്ട് 2022 പ്രകാരം 2023-24 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ കടബാധ്യതയും ജി.എസ്.ഡി.പിയും തമ്മിലുള്ള അനുപാതം 33.70 ശതമാനം വരെ അനുവദനീയമായിരുന്നു. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം പ്രസ്തുത വർഷം കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനവും തമ്മിലുള്ള അനുപാതം 33.09 ശതമാനം മാത്രമാണ്. ഇതനുസരിച്ച് പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിരിക്കുന്ന ധനദൃഡീകരണ പാതക്കുള്ളിൽ തന്നെ സംസ്ഥനത്തിന്റെ കടവും ജി.എസ്.ഡി.പിയും തമ്മിലുള്ള അനുപാതം നിലനിർത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. |
| (സി) | നടപ്പ സാമ്പത്തിക വർഷം കടമെടുപ്പ് ഇനത്തിൽ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക | (സി) | 2024-25 സാമ്പത്തിക വർഷം തനി പൊതുകടമെടുപ്പായി ബഡ്ജറ്റിൽ വകയിരുത്തിയി ട്ടുള്ള തുക 35,988.28 കോടി രൂപയാണ്. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ മൂന്ന് പാദത്തേക്ക് 21,253 കോടി രൂപ മാത്രമാണ് പൊതു വിപണിയിൽ നിന്ന് കടം എടുക്കുന്നതിന് സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽ നിന്ന് ഇതുവരെ അനുമതി ലഭ്യമായിട്ടുള്ളത്. |

| | | | |
|---|---|---|---|
| | കടമെടുക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുണ്ടോ;വിശദമാക്കുമോ; | | |
| (ഡി) | ഈ സർക്കാരിന്റെ കാലയളവിൽ കടമെടുപ്പ് പരിധിയിൽ കേന്ദ്ര സർക്കാർ വരുത്തിയ വെട്ടിക്കുറക്കൽ മൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | 2017 ഓഗസ്റ്റിന് മുൻപ് പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പ് സംസ്ഥാനത്തിന്റെ കടമെടുപ്പിൽ ഉൾപ്പെടുത്തി കുറവ് ചെയ്തിരുന്നില്ല. എന്നാൽ 2017-18 മുതൽ 2023-24 കാലയളവിൽ മാത്രം പൊതു കണക്കിനത്തിലെ നീക്കിയിരിപ്പ് ചൂണ്ടിക്കാട്ടി 91,269.24 കോടി രൂപയുടെ കുറവ് വരുത്തുകയുണ്ടായി. സംസ്ഥാന സർക്കാരിന് കീഴിലെ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുത്ത വായ്പകൾ സർക്കാർ കടമായി കണക്കിലെടുത്ത് 2021-22 മുതൽ സംസ്ഥാന സർക്കാരിന്റെ ആകെ കടമെടുപ്പിൽ കേന്ദ്രസർക്കാർ വെട്ടിക്കുറവ് വരുത്തുകയാണ്. മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക കടമെടുപ്പ് ചൂണ്ടിക്കാട്ടിയും കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പിൽ വെട്ടിക്കുറവ് വരുത്തികൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ